ഉത്തരം

(എ) ഗവൺമെന്റ് പ്രസ്സുകൾ ഉൾപ്പെടെ സംസ്ഥാനത്തുള്ള എല്ലാ വകുപ്പുകൾക്കും ആവശ്യമായ കടലാസ്, സ്റ്റേഷനറി സാധനങ്ങൾ, കമ്പ്യൂട്ടർ കടലാസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി സംഭരിച്ച് വിതരണം നടത്തുക, ടൈപ്പ്റൈറ്ററുകൾ ഡ്യൂപ്ലിക്കേറ്ററുകൾ തുടങ്ങിയ ഓഫീസ് മെഷീനുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുക, കേരളത്തിലെ മുഴുവൻ സർക്കാർ ഓഫീസുകളുടേയും ഓഫിസർമാരുടേയും ഉപയോഗത്തിനുള്ള സീലുകളും സ്റ്റാമ്പുകളും നിർമ്മിച്ച് വിതരണം നടത്തുക, സർക്കാർ ഓഫിസുകളിൽ ഉണ്ടാകുന്ന പാഴ്ക്കടലാസ് നീക്കം ചെയ്യുന്നതിന് ജില്ലാ/മേഖലാ അടിസ്ഥാനത്തിൽ വാർഷിക കരാറുകൾ ഉറപ്പിക്കുക പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനാവശ്യമായ കടലാസ്, പൾപ്പ് ബോർഡ് എന്നിവ വിദ്യാഭ്യാസ വകുപ്പിന് വാങ്ങി നൽകുക, ലോക്സഭ, നിയമസഭ, ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾക്കാവശ്യമായ എല്ലാ സ്റ്റേഷനറി സാധനങ്ങളും വാങ്ങി നൽകുക, നിയമസഭാ സമ്മേളനം നടക്കുന്ന വേളയിൽ ജനപ്രതിനിധികൾക്കാവശ്യമായ സ്റ്റേഷനറി വിതരണം ചെയ്യുക, ഗവർണർ, മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ എന്നിവർക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ ആവശ്യാനുസരണം വാങ്ങി വിതരണം ചെയ്യുക തുടങ്ങിയവയാണ് സ്റ്റേഷനറി വകുപ്പിന്റെ പ്രധാന ജോലികൾ

(ബി) ഇല്ല.

(സി) രണ്ട് നടപടി സ്വീകരിച്ചു വരുന്നു. സ്റ്റേഷനറി സാധനങ്ങൾ എല്ലാ വകുപ്പുകൾക്കും ആവശ്യാനുസരണം വിതരണം നടത്താൻ സാധിക്കുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) അടിയന്തരമായും സമയബന്ധിതമായും സാധനങ്ങൾ വാങ്ങേണ്ടി വരുന്നതുകാരണമാണ് ലോക്കൽ പർച്ചേസ് ചെയ്യാൻ നിർബന്ധിതമാകുന്നത്.

സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായുള്ള നടപടികൾ

259 (2017) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എം. എം. മോനായി :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അടച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; ഗവൺമെന്റ് സെൻട്രൽ പ്രസ്സിലും മണ്ണന്തല ഗവൺമെന്റ് പ്രസ്സിലും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ :

(ബി) സർക്കാർ പ്രസ്സുകളിൽ നടത്തുന്ന പ്രധാന അച്ചടി ജോലികൾ എന്തെല്ലാമാണ് :

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ പ്രസ്സുകളിലൂടെ മാത്രം വിതരണം ചെയ്യുന്ന പ്രസിദ്ധീകരണങ്ങൾ ലഭിക്കുന്നതിലെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സർക്കാരിന്റെ അച്ചടി ജോലികൾ പൂർണ്ണമായും സർക്കാർ പ്രസ്സുകളിൽ അച്ചടിക്കാൻ കഴിയുംവിധം സർക്കാർ പ്രസ്സുകളെ ശക്തിപ്പെടുത്തുമോ ?

ഉത്തരം

(എ) അച്ചടി വകുപ്പിന്റെ നവീകരണത്തിനായി ശ്രീമതി ഇന്ദിര ചന്ദ്രശേഖർ, പബ്ലിഷർ, തൂലിക, ബുക്സ്, ന്യൂഡൽഹി അദ്ധ്യക്ഷയായി ഒരു കമ്മിറ്റി ജി.ഒ. (എംഎസ്.) നമ്പർ 35/10/ഇ.വി.വ തീയതി 23-2-2010 പ്രകാരം രൂപവത്കരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. ലെറ്റർ പ്രസ്സ് വിഭാഗത്തിലുള്ള കമ്പോസിറ്റർമാർക്കും എം.സി. വിഭാഗത്തിലുള്ള ജീവനക്കാർക്കും കെൽട്രോൺ മുഖേന ഡി.റ്റി.പി. പരിശീലനം നൽകിയിട്ടുണ്ട്. ലെറ്റർ പ്രസ്സ് വിഭാഗത്തിൽപ്പെട്ട പ്രിന്റർമാർക്കും ഓഫ്സെറ്റ് പ്രിന്റിംഗിൽ വകുപ്പ് തലത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. പ്രസ്സുകളുടെ നവീകരണത്തിനായി ചെയ്ത നടപടികളുടെ വിശദാംശം അനുബന്ധം (1) ആയി ചേർക്കുന്നു.* ഗവൺമെന്റ് സെൻട്രൽ പ്രസ്സിലും മണ്ണന്തല ഗവൺമെന്റ് പ്രസ്സിലും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല.

(ബി) അനുബന്ധം (2) ആയി ചേർക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

താഴെപ്പറയുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

Nos. 1745, 1755, 1774, 1783, 1804, 1806, 1816, 1817, 1820, 1822, 1823, 1824, 1826, 1839, 1841, 1842, 1860, 1883, 1888 ആകെ-19.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ.)

9.30 A.M]

II ശ്രദ്ധ ക്ഷണിക്കൽ

(1) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതികരണ പദ്ധതി

ശ്രീ. കെ. സി. ജോസഫ്: സർ, കേരളത്തിലെ പകുതിയിലേറെ നിയോജക മണ്ഡലങ്ങളും സമ്പൂർണ്ണമായി വൈദ്യുതികരിച്ച് കഴിഞ്ഞിട്ടും ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ഇതുവരെ സമ്പൂർണ്ണ വൈദ്യുതികരണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly